ക്കിടയിലും പൊതുജനങ്ങൾക്കിടയിലും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തെ ഒരു 'സീറോ വേസ്റ്റ്' സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും അതിനനുസൃതമായി നിരവധി സംരംഭങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടെ രാസ ഭൗതിക ഘടന എപ്രകാരമാണെന്നും അവ പ്രകൃതിയിൽ ഉണ്ടാക്കുന്ന പാരിസ്ഥിതികാഘാതം എന്തൊക്കെയാണെന്നും തിരുവനന്തപുരത്തെ ഭൂശാസ്ത്ര പഠന കേന്ദ്രം ഗവേഷണം നടത്തിയിട്ടുണ്ട്. ഇത് വിവിധ ഭൂപ്രദേശങ്ങളിൽ ഖരമാലിന്യ സംസ്ക്കരണ പരിപാലന സംവിധാനം രൂപപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഖരമാലിന്യം മണ്ണിര കമ്പോസ്റ്റിംഗ് പ്രക്രിയയിലൂടെ കൂടുതൽ ഫലപ്രദമായി സംസ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങൾ കാർഷിക സർവ്വകലാശാലയും വിവിധ സർക്കാരിതര സന്നദ്ധ സംഘടനകളും നടത്തിയിട്ടുണ്ട്. ഇത് ഈ സാങ്കേതിക വിദ്യയുടെ വികാസത്തേയും വ്യാപനത്തേയും വളരെയധികം സഹായിച്ചിട്ടുണ്ട്. കമ്പോസ്റ്റിംഗ് പ്രക്രിയ ത്വരിത ഗതിയിലാക്കുന്നിതിന് ഉപയോഗിക്കാവുന്ന വിവിധ മാർഗ്ഗങ്ങളെ സംബന്ധിച്ചും അവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ പ്രവർത്തിക്കുന്ന സംയോജിത ഗ്രാമീണ സാങ്കേതിക കേന്ദ്രം ഗവേഷണം നടത്തുകയും അത്തരത്തിൽ ഒരു ഖരമാലിന്യ പരിപാലന സംവിധാനം വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഊർജ്ജ ഉല്പാദനം എപ്രകാരം സാദ്ധ്യമാക്കാം എന്നതിനെക്കുറിച്ച് അനർട്ട്, വിവിധ സർക്കാരിതര സംഘടനകൾ തുടങ്ങിയവ ഗവേഷണം നടത്തിയിട്ടുണ്ട്. ഇത് ബയോഗ്യാസ് നിർമ്മാണ വിനിയോഗ സാങ്കേതിക വിദ്യ ഫലപ്രദമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

റിവർ റിസർച്ച് സെന്ററിന്റെ പഠന റിപ്പോർട്ട്

*8 [491] ശ്രീ. ബിനോയ് വിശ്വം:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള വിദഗ്ദ്ധ സംഘത്തിന്റെ പഠന റിപ്പോർട്ട് വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴുള്ള വൈദ്യുതി ലഭ്യത കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിന് വൈദ്യുതി മിച്ച സംസ്ഥാനമാകുവാൻ കഴിയുമോ; എങ്കിൽ അതിനായി സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ചാലക്കുടിപ്പുഴ സംരക്ഷണ സമതി, കാർത്തിക മണലാറ്റിൽ, ഒല്ലൂർ പി. ഒ. തൃശൂർ എന്ന സന്നദ്ധ സംഘടനയുടെ മേൽവിലാസത്തിൽ ഉള്ള ഒരു റിവർ റിസർച്ച് സെന്ററിന്റെ മേയ് 2004-ലെ പാത്രക്കടവ് ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച സ്റ്റാറ്റസ് പേപ്പറിന്റെ കോപ്പി ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നവയാണ്:

(i) പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ ജല ലഭ്യത കണക്കുകൾ പുനഃപരിശോധിക്കുക

(ii) പ്രസരണ വിതരണ നഷ്ടം കഴിവതും കുറയ്ക്കുക.

(iii) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക.

(സി) സെന്റർ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 16-ാം പവർ സർവ്വേ പ്രകാരം 2004-05 വർഷത്തെ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 3593 മെഗാവാട്ട് ആണ്. അറ്റകുറ്റ പണികൾക്കുള്ള ഷട്ട് ഡൗൺ കൂടി കണക്കിലെടുത്താൽ ഇത് 4312 മെഗാവാട്ട് ആകും. 5% വാർഷിക വർദ്ധനവ് പ്രതീക്ഷിച്ചാൽ 2006-07-ൽ വൈദ്യുതി ആവശ്യകത ഏകദേശം 4743 മെഗാവാട്ട് ആകും. ഇപ്പോൾ നിലവിലുള്ള 2604.66 മെഗാവാട്ടും, പത്താം പദ്ധതിയിലെ ശേഷിക്കുന്ന പദ്ധതികളുടെ 427.75 മെഗാവാട്ടും ചേർത്താൽ ആകെ 3032.41 മെഗാവാട്ട് ആകും. കൂടുതൽ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുകയും നിലവിലുള്ള പ്രസരണ വിതരണ നഷ്ടം പരാമാവധി കുറയ്ക്കുകയും ചെയ്ത് വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.

വൈദ്യുതി ലൈനിൽ തട്ടിയുള്ള മരണം

*9 [492] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊട്ടിവീണ വൈദ്യുതി ലൈനിൽതട്ടി മരണം സംഭവിക്കുന്നത് സംസ്ഥാനത്ത് നിത്യസംഭവമാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly